Malappuram District Police

## 21.06.2017 കൊളത്തൂർ

പോലീസ് നടത്തിയ പരിശോധനയിൽ പുഴയിൽ അനധികൃതമായി മണലെടുക്കുന്നതിനിടെ തോണിയും ഒരു ലോഡ് മണലും പിടിച്ചെടുത്തു. എസ്ഐ കെ.പി. സുരേഷ് ബാബുവിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിലാണ് മണൽ പിടികൂടിയത്. മൂർക്കനാട് പള്ളിക്കടവിൽ നിന്നാണ് തോണി പിടികൂടിയത്. ഇത് കടവിൽ തന്നെ പൊളിച്ചു നശിപ്പിച്ചു. കടവിലേക്ക് വാഹനങ്ങൾ ഇറക്കുന്നത് തടയാനായി കിടങ്ങ് നിർമിച്ചു. പാലൂർ ആലഞ്ചേരി കടവിൽനിന്നാണ് മണൽ പിടികൂടിയത്. തുടർ നടപടികൾക്കായി റവന്യൂ അധികൃതർക്ക് കൈമാറി.